LIBRARY ARCHIVES Kerala Legislative Assembly

വില്ലേജുകൾ വിഭജിക്കുന്ന നടപടി

4 [618] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജുകൾ വിഭജിക്കുന്ന നടപടി ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ നടപടിയുടെ ഭാഗമായി എത്ര വില്ലേജുകൾ വിഭജിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ;

(സി) കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ പെരിങ്ങത്തൂർ വില്ലേജ് വിഭജിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടന സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കർഷകരുടെ ഋണബാദ്ധ്യത

5 [619] ശ്രീ. ഡി. സുഗതൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
പ്രൊഫ എ. ഡി. മുസ്തഫ:
ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരുടെ ഋണബാദ്ധ്യതയെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കർഷകരുടെ ഒട്ടാകെയുള്ള കടം എത്ര തുക വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ മുതലെത്ര; പലിശ, പിഴപ്പലിശ എന്നിവയെത്രവീതം എന്നും വിശദമാക്കാമോ;

(ഡി) വയനാട്, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിലെ കാർഷിക കടം എത്ര തുക വരുമെന്ന് അറിയിക്കാമോ;

(ഇ) കടത്തിൽപ്പെട്ട് ബുദ്ധിമുട്ടുന്ന കർഷകരെ സഹായിക്കുവാൻ കാർഷിക കടങ്ങൾ എഴുതി തള്ളണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(എഫ്) കാർഷിക കടത്തിൽ നിന്ന് മോചിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ —ഡി)) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) കാർഷിക കടാശ്വാസം നടപ്പാക്കുന്നതിനായി ഈ വർഷം ബഡ്ജറ്റിൽ 25 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം കാർഷിക കടങ്ങൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയവും മേൽപ്പടി കാലയളവിൽ പലിശയും, പിഴപ്പലിശയും ഇളവും അനുവദിക്കാവുന്നതാണ്.

ഭൂനികുതി അടക്കുന്നവരിൽ നിന്നും തൊഴിലാളി ക്ഷേമനിധിയിലേക്ക് തുക ഈടാക്കുന്ന നടപടി

6 [620] ശ്രീ. എൻ. ശക്തൻ:

" എം. എ. ചന്ദ്രശേഖരൻ:

" പ്രയാർ ഗോപാലകൃഷ്ണൻ:

" കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിക്ക് കരം അടയ്ക്കുന്നവരിൽ നിന്നും തൊഴിലാളി ക്ഷേമനിധിയിലേക്ക് തുക ഈടാക്കുന്നുണ്ടോ;

(ബി) എങ്കിൽ ചുരുങ്ങിയത് എത്ര ഭൂമിവരെ ഉള്ളവരിൽ നിന്നാണ് തുക ഈടാക്കുന്നത്;

(സി) ഏതു നിയമ വ്യവസ്ഥയനുസരിച്ചാണ് ഇപ്രകാരമുള്ള തുക കൂടി പിരിക്കുന്നത്;

(ഡി) എന്തു നിരക്കിലാണ് ഈ തുക പിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അര ഹെക്ടറിനു മുകളിൽ കൃഷിഭൂമിയുള്ളവരിൽനിന്നും തുക ഈടാക്കുന്നു.

(സി) 1974-ലെ കേരള കർഷകത്തൊഴിലാളി ക്ഷേമനിധി നിയമം 9(1) വകുപ്പ് പ്രകാരവും സർക്കാരിന്റെ 6-3-1993-ലെ 53734/ഇ3/93/ആർ ഡി -ാം നമ്പർ സർക്കുലർ പ്രകാരവും

(ഡി) അര ഹെക്ടറിനു മുകളിൽ ഒരു ഹെക്ടറിനു താഴെവരെ പ്രതിവർഷം 10 രൂപ വീതവും തുടർന്നുള്ള ഓരോ ഹെക്ടറിനും അതിന്റെ ഭാഗത്തിനും പ്രതിവർഷം 15 രൂപാ വീതവും ഈടാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly